## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4689 — 19/05/2017-ൽ മറുപടിയ്ക്ക്

### പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഐ.ടി അധിഷ്ഠിത പരിശീലനകേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനായി സർക്കാരിന്റെ കീഴിൽ ഏതെങ്കിലും പരിശീലനകേന്ദ്രങ്ങളോ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്; | എ) | പട്ടികജാതി യുവതിയുവാക്കൾക്ക് ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പും, സി-ഡിറ്റും സംയുക്തമായി ആരംഭിച്ച സൈബർശ്രീ എന്ന അഡ്വാൻസ്ഡ് ഐ.റ്റി ട്രെയിനിംഗ് സെന്റർ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരത്ത് തിരുവല്ലം, തൈക്കാട് എന്നിവിടങ്ങളിലും ഹരിപ്പാട് ഒരു സബ്സെന്ററും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | ബി) | ഡിഗ്രി, എം.സി.എ, ബി.ടെക് തുടങ്ങിയ വിവിധ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് 3 മുതൽ 7 മാസം വരെ ദൈർഘ്യമുള്ള IT Oriented Advanced NetWorking, Android Mobile Technology, Visual Effects and 3D animation ആധുനിക സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് (MATLAB) തുടങ്ങിയ കോഴ്സുകൾ നടത്തുന്നു.<br>2016-17 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കേന്ദ്ര സർക്കാർ സ്ഥാപനം മുഖേന 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്ന 6 മാസത്തെ കോഴ്സിന് പരിശീലനം നൽകുന്നതിനായി 38.25 ലക്ഷം രൂപ സ്ഥാപനത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br>2015-16 സാമ്പത്തിക വർഷം ഇതേ സ്ഥാപനം മുഖേന 25 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രസ്തുത |

| | | | |
|---|---|---|---|
| | | | കോഴ്സ് നടത്തിയിരുന്നു.പരിശീലനം നേടിയ വിദ്യാർത്ഥികൾക്ക് തൃശ്ശൂർ കലക്ടറേറ്റിലെ<br>വിവിധ ആഫീസുകളിൽ ജോബ് ട്രെയിനിംഗ് നൽകുകയും കേരളത്തിലെ പ്രമുഖ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | സംസ്ഥാനത്തെ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവരസാങ്കേതിക വിദ്യാരംഗത്ത് മെച്ചപ്പെട്ട തൊഴിൽ അവസരം ലഭിക്കുന്നതരത്തിൽ ആവശ്യമായ പരിശീലന സൗകര്യങ്ങളും പരിശീലന കേന്ദ്രങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | സംസ്ഥാനത്തെ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവരസാങ്കേതിക വിദ്യാരംഗത്ത് ആവശ്യമായ പരിശീലനവും തൊഴിൽ അവസരങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സൈബർശ്രീ പ്രവർത്തിച്ചു വരുന്നത്.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവരസാങ്കേതിക വിദ്യാരംഗത്ത് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് ഐ.ടി.യുമായി ബന്ധപ്പെട്ട കോഴ്സുകളായ ഡി.സി.എ, പി.ജി.ഡി.സി.എ, ഡാറ്റാ എൻട്രി, ഡി.റ്റി.പി ഓപ്പറേഷൻസ്, എം.എസ്.ഓഫീസ്, ടാലി ആന്റ് കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നീ മേഖലകളിൽ പരിശീലനം നൽകുന്നതിനും നൈപുണ്യ വികസനത്തിനുമായി പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ